# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 4833

21-10-2011-ൽ മറുപടിക്ക്

## തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ.കെ. വിജയൻ : | ഡോ. എം.കെ. മുനീർ (പഞ്ചായത്തും സാമൂഹ്യ ക്ഷേമവും വകുപ്പു മന്ത്രി) |
| (എ) നാദാപുരം നിയോജകമണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി തെരുവിൽ അലഞ്ഞുതിരിയുന്ന നായ്ക്കളെ നിയന്ത്രിക്കാനായി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ; | (എ) തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ഇവയെ വന്ധ്യംകരിച്ച് പ്രജനനം തടഞ്ഞ് എണ്ണം കുറയ്ക്കുക, പേവിഷബാധയ്ക്ക് കുത്തിവയ്പ് നടത്തുക എന്നീ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) പ്രസ്തുത ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ലാപ്സായ തുകയുടെ കണക്കും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ ; | (ബി) കോഴിക്കോട് ജില്ലയിലെ പത്ത് പഞ്ചായത്തുകളിൽ വളയം ഗ്രാമ പഞ്ചായത്ത് 6725 രൂപയും നാദാപുരം ഗ്രാമപഞ്ചായത്ത് 12500 രൂപയും കാവിലുംപാറ ഗ്രാമ പഞ്ചായത്ത് 15000 രൂപയും പ്രസ്തുത ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. തുകയൊന്നും ലാപ്സായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | പേവിഷ നിയന്ത്രണത്തിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ? | (സി) | തെരുവുനായ്ക്കളെ കൊല്ലുന്നത് ബഹു. സുപ്രീം കോടതി തടഞ്ഞിരിക്കുന്ന സാഹചര്യത്തിൽ അലഞ്ഞുതിരിയുന്ന നായ്ക്കളെ പിടികൂടി പേവിഷ പ്രതിരോധത്തിന് കുത്തിവയ്ക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്. പേവിഷ നിയന്ത്രണത്തിന്റെ ഭാഗമായി 34225 രൂപ നാദാപുരം മണ്ഡലത്തിൽ ചെലവഴിച്ചിട്ടുണ്ട്. |

Kumary Jalaja S

**സെക്ഷൻ ഓഫീസർ.**